മാറാട് വർഗ്ഗീയ സംഘർഷത്തെ തുടർന്ന് വീടുവിട്ടുപോയ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

25 (772) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മേയ് മാസം 2-ാം തീയതി മാറാട് കടപ്പുറത്തുണ്ടായ വർഗ്ഗീയ സംഘർഷത്തെത്തുടർന്ന് വീടു വിട്ടുപോയ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാരിന്റെ നേതൃത്വത്തിൽ അഭയാർത്ഥി ക്യാമ്പുകൾ തുടങ്ങിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) മാറാട് കടപ്പുറം ഭാഗത്ത് എത്ര കുടുംബങ്ങൾ അധിവസിച്ചിരുന്നു എന്നു വ്യക്തമാക്കുമോ ;

(ഡി) അവരിൽ വീടുവിട്ടുപോയവർ എത്രയെന്നു വിശദമാക്കാമോ ;

(ഇ) വീടുവിട്ടുപോയവർ അധികവും ഏതു വിഭാഗത്തിൽപ്പെടുന്നവർ ആണെന്ന് വ്യക്തമാക്കാമോ ;

(എഫ്) അവർക്കായി അഭയാർത്ഥി ക്യാമ്പുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇല്ല. വീടുവിട്ടുപോയവർ മാറി താമസിക്കുകയാണ്. അവരെ തിരികെ കൊണ്ടുവരുത്തുന്നതിനുള്ള സാഹചര്യം പൂർണ്ണമല്ല. പുനരധിവസിപ്പിക്കുന്നതിനുള്ള ശ്രമം തീവ്രമായി നടന്നുവരുന്നു.

(സി) 516.

(ഡി) 232.

(ഇ) മുസ്ലീം വിഭാഗത്തിൽ.

(എഫ്) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മാറാടുണ്ടായ വർഗ്ഗീയകലാപത്തിനുശേഷം സ്വീകരിച്ച സുരക്ഷാ നടപടികൾ

26 (773) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002 ജനുവരിയിലെ സംഭവങ്ങൾക്കുശേഷം മാറാട് പോലീസ് കൈക്കൊണ്ട സുരക്ഷാ നടപടികൾ വിശദീകരിക്കാമോ ;

(ബി) പ്രസ്തുത സംഭവങ്ങൾക്കുശേഷം ഇവിടെ എത്ര പോലീസ് പിക്കറ്റുകൾ പ്രവർത്തിച്ചിരുന്നു ; അവയിൽ ആകെ എത്ര പോലീസുകാരെ നിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly